# ആമുഖം

ഓടനാവട്ടം ഗവ. എൽ. പി. എസിന്റെ 2025 - 26 അധ്യയനവർഷത്തേക്കുള്ള അക്കാദമിക മാസ്റ്റർപ്ലാൻ 2025 മേയ് 30-ാം തീയതി തയ്യാറാക്കി. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക സന്നദ്ധ സംഘടനകൾ, ബി. ആർ. സി, ഡയറ്റ് തുടങ്ങിയവയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും. വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞു പോകില്ലാത്ത അവസ്ഥ സൃഷ്ടിക്കും. പ്രകൃതിയെ സ്നേഹിക്കുന്ന കാർഷിക സംസ്കാരമുള്ള പുതുതലമുറയെ വാർത്തെടുക്കുവാൻ സാധിക്കും.

# ഭാഷാപഠനം.

## ലക്ഷ്യങ്ങൾ:

* എല്ലാകുട്ടികൾക്കും ആശയവ്യക്തതയോടെ എഴുതാനും വായിക്കാനുമുള്ള കഴിവ് സ്വായത്തമാക്കുക.
* അമ്മ വായന പ്രോത്സാഹിപ്പിക്കുക.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി.
* ബാലസഭയിൽ അംഗങ്ങളാക്കുക.
* ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക.
* വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുക
* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
* ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യതകൾ സജ്ജീകരിക്കുക.

| | | | | | |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | - Pre - Test.<br>- അക്ഷരം ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- അക്ഷരകാർഡ്, വായനകാർഡ് നൽകൽ<br>- ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതൽ.<br>- ചിത്രം നോക്കി കഥ പറയൽ.<br>- കഥയുടെ ബാക്കി പറയൽ, എഴുതൽ. | ജൂൺ ജൂലൈ | അക്ഷരകാർഡ്.<br>വായനാകാർഡ്.<br>ചിത്രങ്ങൾ, ചിത്രകഥ, പുസ്തകങ്ങൾ.<br>ICT സാധ്യതകൾ. | ക്ലാസ് ടീച്ചർ.<br>രക്ഷിതാക്കൾ. |
| 2 | കുട്ടിയെ മികച്ച വായനക്കാരാക്കുക. | - വായനക്കൂട്ടം രൂപീകരിക്കൽ.<br>- ക്ലാസ് വായനാ ലൈബ്രറി രൂപീകരിക്കൽ.<br>- വായനോത്സവം സംഘടിപ്പിക്കൽ<br>- വായനാക്കുറിപ്പ് തയ്യാറാക്കൽ. | ആഗസ്റ്റ് to March. | പുസ്തകങ്ങൾ, പത്രങ്ങൾ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ICT സാധ്യതകൾ. | S.S.A, P.T.A പൂർവ വിദ്യാർത്ഥികൾ, BRC DIET, SCERT |

# ഗണിത പഠനം.

## ലക്ഷ്യങ്ങൾ :-

* ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക. (1 – 20 വരെ)

* 1 - 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക.

* ഗണിതപഠനം ഉല്ലാസപ്രദവും രസകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതം ഉറപ്പാക്കുക.

* മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കുക.

* ചതുഷ്ക്രിയകൾ നിഷ്പ്രയാസം ചെയ്യുന്നതിനുള്ള കഴിവ് നേടുക.

| | | | | |
|---|---|---|---|---|
| 1. 1-20 വരെയുള്ള സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കാനുള്ള കഴിവ് നേടുന്നു. | - മഞ്ചാടി പെറുക്കൽ.<br>- ഈർക്കിൽ, മുത്ത് തുടങ്ങിയവ ഉപയോഗിച്ച് എണ്ണൽ.<br>- വസ്തുക്കളെ കൂട്ടമെടുക്കൽ<br>- വസ്തുക്കളെ കെട്ടുകളാക്കൽ<br>- വസ്തുക്കളെ വിവിധ രീതിയിൽ ക്രമീകരിക്കൽ.<br>- സംഖ്യാകാർഡുകളി.<br>- മുത്തു കോർക്കൽ.<br>- അബാക്കസ്. | June to March. | ഉല്ലാസഗണിതം.<br>ഗണിതവിജയം.<br>കിറ്റുകൾ.<br>മുത്തുകൾ, ഈർക്കിൽ<br>സംഖ്യാകാർഡുകൾ. | ക്ലാസ് ടീച്ചർ.<br>രക്ഷിതാക്കൾ.<br>BRC |
| 2. 1-100 വരെ എണ്ണുന്നതിനും എഴുതുന്നതിനും കഴിവ് നേടുന്നു | മഞ്ചാടി പെറുക്കൽ<br>- മുത്തുകൾ, പാറ്റേൺ ക്രമീകരിക്കൽ.<br>- ഈർക്കിൽ കളി.<br>- സംഖ്യാചാർട്ട് തയ്യാറാക്കൽ.<br>- അബാക്കസ്. | December to March | ഉല്ലാസഗണിതം,<br>ഗണിതവിജയം<br>ചാർട്ടുകൾ. | അധ്യാപകർ. |

| | | | | | |
|---|---|---|---|---|---|
| 3. | 1-100 വരെയുള്ള സംഖ്യാ ബോധം. സംഖ്യകളെ വ്യാഖ്യാനിക്കുന്നതിനുള്ള ശേഷി, വളർത്തുക. | - ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ.<br>- സംഖ്യാ റിബൺ തയ്യാറാക്കൽ<br>- സംഖ്യാ കാർഡുകൾ തയ്യാറാക്കൽ.<br>- ഗണിതകേളികൾ.<br>- ICT സാധ്യതകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | June to March. | ഗണിതകിറ്റുകൾ.<br>ICT സാധ്യതകൾ<br>ഗണിത ലൈബ്രറി<br>പാഠവും കോണിലും | അധ്യാപകർ<br>രക്ഷിതാക്കൾ. |
| 4. | ഗണിതപഠനം ഉല്ലാസകരവും ആനന്ദകരവുമാക്കുക, മുഴുവൻ കുട്ടികൾക്കും | - മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് എണ്ണൽ.<br>- വസ്തുക്കളെ കൂട്ടങ്ങളാക്കൽ.<br>- അബാക്കസ് തയ്യാറാക്കൽ. | ജൂൺ to മാർച്ച്. | ഗണിതവിജയം,<br>ഉല്ലാസ ഗണിതകിറ്റുകൾ<br>ICT സാധ്യതകൾ,<br>അരവിന്ദ് ഗുപ്ത സ്ട്രിപ്പ്. | അധ്യാപകർ.<br>BRC. |

| | | | | |
|---|---|---|---|---|
| 100 വരെയുള്ള സംഖ്യാബോധം, സങ്കലനം, വ്യവകലനം, ഗുണനം എന്നീ ശേഷികൾ ഉറപ്പിക്കൽ | - സ്ഥാനവില പോക്കറ്റ് തയ്യാറാക്കൽ.<br>- സംഖ്യാറിബൺ തയ്യാറാക്കൽ.<br>- ഇവ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ (സ്ഥാനവില, സങ്കലനം, വ്യവകലനക്രിയകൾ. | | | |
| 5 സംഖ്യാബോധം (10000 നുമുകളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | - സംഖ്യാകാർഡുകളി.<br>- സ്ഥാനവില പോക്കറ്റ് തയ്യാറാക്കൽ.<br>- സംഖ്യാറിബൺ നിർമ്മിക്കൽ.<br>- രൂപങ്ങൾ വരച്ച് | ജൂൺ to March. | കാർഡുകൾ, സംഖ്യാറിബൺ, സംഖ്യാചാർട്ടുകൾ, ഗണിത വിജയം കിറ്റുകൾ, ക്ലിപ്പ്സം ബോർഡ്, സംഖ്യാചക്രം. | അധ്യാപകർ<br>രക്ഷിതാക്കൾ<br>BRC<br>DIET |

| | | | | |
|---|---|---|---|---|
| | ചിത്രം തയ്യാറാക്കൽ.<br>- സംഖ്യാ പുഷ്പം നിർമ്മിക്കൽ.<br>- ഗണിത പാറ്റേൺ തയ്യാറാക്കൽ.<br>- മാന്ത്രിക ചതുരം നിർമ്മിക്കൽ.<br>- സംഖ്യാ പിരമിഡ്.<br>- പടികയറാം. | | | |

# പരിസരപഠനം.

## ലക്ഷ്യങ്ങൾ :-

- തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
- ശാസ്ത്രകൗതുകം വളർത്താൻ ഉതകുന്ന തരത്തിൽ ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നതിനുള്ള കഴിവ് നേടുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികൾ ശാസ്ത്രാവബോധം വളർത്തുക.
- ശാസ്ത്ര പുസ്തകങ്ങൾ വായിക്കുന്നതിനും കുറിപ്പുകൾ തയ്യാറാക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള അഭിരുചി വളർത്തുക.

| | | | | | |
|---|---|---|---|---|---|
| 1 | തന്റെ ചുറ്റുപാടിനെ നിരീക്ഷിച്ച് വിശകലനം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു. | - പരിസര നിരീക്ഷണം<br>- പ്രകൃതി നടത്തം.<br>- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ. | ജൂൺ to March. | പരീക്ഷണ സാമഗ്രികൾ, പരിസരം, ചുറ്റുമുള്ള വസ്തുക്കൾ. | അധ്യാപകർ. |
| 2 | ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള കഴിവ് നേടുന്നു. | - ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>- ലഘു ചോദ്യങ്ങളിലൂടെ നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.<br>- തരം തിരിക്കൽ. | ജൂൺ to march. | ICT<br>ശാസ്ത്ര പുസ്തകങ്ങൾ. | അധ്യാപകർ<br>രക്ഷിതാക്കൾ<br>BRC<br>DIET |
| 3 | പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നു. | - ശില്പശാലകൾ സംഘടിപ്പിക്കൽ.<br>- ശാസ്ത്ര ഉത്സവങ്ങളിൽ പങ്കെടുക്കൽ.<br>- ശേഖരണ പുസ്തകങ്ങൾ തയ്യാറാക്കൽ. | ജൂൺ to March. | ശാസ്ത്രപുസ്തകങ്ങൾ.<br>ICT സാധ്യതകൾ | അധ്യാപകർ<br>രക്ഷിതാക്കൾ,<br>BRC<br>DIET |

# ഇംഗ്ലീഷ് പഠനം.

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കൽ.
- ഇംഗ്ലീഷ്. ക്ലാസ് അന്തരീക്ഷം സൃഷ്ടിക്കൽ.

| | | | | | |
|---|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പ്രീ - ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | June. | വായനാ കാർഡുകൾ.<br>ചിത്രങ്ങൾ.<br>ICT സാധ്യതകൾ. | ക്ലാസ് ടീച്ചർ. |
| 2. | സർഗാത്മക രചനകൾ നടത്തുന്നതിനുള്ള കഴിവ് വളർത്തുക. | - പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.<br>- ഇംഗ്ലീഷ് അസംബ്ലി.<br>- വായനാമൂല.<br>- വായനാ കാർഡുകൾ.<br>- ഇംഗ്ലീഷ്, കവിത, കഥ, പുസ്തകങ്ങൾ പരിചയപ്പെടൽ. | July to March. | ക്ലാസ് ലൈബ്രറി.<br>സ്കൂൾ ലൈബ്രറി. | അധ്യാപകർ.<br>രക്ഷിതാക്കൾ,<br>പൂർവ വിദ്യാർഥികൾ, സന്നദ്ധ സംഘടനകൾ<br>BRC<br>DIET |

| | | | | |
|---|---|---|---|---|
| | - ഇംഗ്ലീഷ് പത്രം വായന<br>- English പതിപ്പുകൾ തയ്യാറാക്കൽ.<br>- ചുവർ മാസികകൾ തയ്യാറാക്കൽ.<br>- ഹലോ ഇംഗ്ലീഷ്.<br>- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ. | | | |

ഗണിതപഠനവുമായി ബന്ധപ്പെട്ട് 2024-25 അക്കാദമിക വർഷത്തിൽ നടപ്പിലാക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ.

* ഗണിതപഠനോപകരണ നിർമ്മാണ ശില്പശാല.
* ഗണിത കിറ്റ് നിർമ്മാണം / വിതരണം.
* ഗണിതലാബ് സജ്ജീകരണം.
* ഗണിത ബാലസഭ നിർമ്മാണം.
* ഗണിത അസംബ്ലി.
* ഗണിതാന്തരീക്ഷം ഒരുക്കൽ.
* ഗണിത ക്ലബ്ബ്.
* ഗണിത മേള.
* ക്ലാസ് PTA

കാവ്യോത്സവത്തിൽ നടത്തേണ്ട പ്രധാന പ്രവർത്തനങ്ങൾ.

* കാവ്യരചന.
* കവിതയുടെ ശേഖരണം.
* ഈണം നൽകൽ.
* നാടകീയമായ അവതരണം.
* കാവ്യാവിഷ്കാരം.

സർഗാത്മകഡയറി.

കുട്ടികളുടെ ഡയറിയെഴുത്തിൽ സർഗാത്മകതയുടെയും ചിന്താശേഷിയുടെയും പ്രതിഫലനത്തെ എടുത്തുകാട്ടുന്നത്. സർഗാത്മകഡയറി. സർഗാത്മക ഡയറിയുടെ സാധ്യതകൾ ഇവയാണ്.

* ഡയറിയെഴുത്ത് സർഗാത്മകമാക്കൽ.
* പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കൽ

* മൂല്യങ്ങൾ വികസിപ്പിക്കൽ.
* ചിന്താശേഷി വികസിപ്പിക്കൽ.

ഓരോ ദിവസത്തെയും പ്രധാനസംഭവത്തെ അതിന്റെ വൈകാരികതയോടെ എഴുതിവയ്ക്കലാണ് ഡയറിയെഴുത്തിൽ നടക്കുന്നത്. ഇത് എല്ലാ ദിവസവും നടക്കേണ്ട വ്യക്തിഗത പ്രക്രിയയാണ്. എന്നാൽ ഡയറിയെഴുത്തിൽ കൂടുതൽ സർഗാത്മക സാധ്യതകൾ തുറന്നുനൽകുകയാണ് സർഗാത്മക ഡയറി എന്ന പുത്തനാശയം.

സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നതിലൂടെ ദൈനംദിനമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർഗാത്മക ശേഷി വികസിപ്പിക്കുന്നതിനും ആണ് സർഗാത്മകഡയറി ഊന്നൽ നൽകുന്നത്.

* ആഴ്ചയിൽ രണ്ടോ മൂന്നോ തവണ ഡയറി എഴുതാം.

* കുട്ടികൾക്ക് പരസ്യം വായിച്ചുനോക്കി അഭിപ്രായം പറയാൻ അവസരം കൊടുക്കണം.

* പഠനോത്സവത്തിൽ മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറിയുടെ അവതരണം ഉണ്ടാകണം.

* CPTA നടക്കുമ്പോൾ രചനകളുടെ അവതരണവും വിശകലനവും നടക്കണം.

## Reader's Theatre

രസകരവും ആകർഷകവുമായ രീതിയിൽ കുട്ടികളുടെ ഉച്ചത്തിലുള്ള വായനാ പ്രാവീണ്യവും ഗ്രഹണശേഷിയും മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രമാണ് റീഡേഴ്സ് തീയേറ്റർ.

* കുട്ടികളെ സ്വയം പ്രചോദിപ്പിക്കുകയും ഉച്ചത്തിൽ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.
* സമപ്രായക്കാർ വായിക്കുന്നത് ശ്രദ്ധിച്ചുകൊണ്ട് വായനയുടെ ഒഴുക്കും ഭാവപ്രകടനവും മെച്ചപ്പെടുത്താൻ കഴിയുന്നു.
* സംഘബോധവും സഹകരണമനോഭാവവും പ്രോത്സാഹിപ്പിക്കപ്പെടുന്നു.
* ഉറക്കെ വായിക്കുന്നതിലൂടെ കുട്ടിയുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു.
* വായനയിൽ പ്രയാസം നേരിടുന്നവരെ സഹവായനയിലൂടെ മുന്നോട്ട് കുതിക്കാൻ സഹായിക്കുന്നു.
* പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകാം.

## പാഠരത്ന്.

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാഠരത്ന്.

ലക്ഷ്യപ്രസ്താവനകൾ:

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെക്കൂടി പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ :-

* പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
* ക്ലാസ് പി.ടി.എ യിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പു വരുത്തുന്നു (ജൂൺ ആദ്യവാരം)
* പാട്ടരങ്ങ് ഏകദിന ശില്പശാല (പ്രാദേശികമായി ലഭ്യമാകുന്ന സംഗീത ഉപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ. (ജൂൺ 2ാം വാരം)
* തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (ജൂൺ 15 മുതൽ ഫെബ്രുവരി വരെ)
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പി- ~~ച്ചിരുന്ന~~ക്കൽ (മാർച്ച് രണ്ടാം വാരം).